# മനുഷ്യവ്യക്തി: കലാകാരനും കലാസൃഷ്ടിയും

## ഫാ. ഡോ. കെ. എം. ജോർജ്

പ്രശസ്ത ശിൽപ്പിയായ കാനായി കുഞ്ഞിരാമൻ ഈയിടെ 45 അടി പൊക്കമുള്ള ഒരു ശിൽപ്പം കോട്ടയത്തെ പബ്ലിക് ലൈബ്രറിയുടെ മുമ്പിൽ നിർമ്മിക്കുകയുണ്ടായി. ആദ്യാക്ഷരങ്ങൾ കുഞ്ഞുങ്ങളെ പഠിപ്പിക്കുന്ന അമ്മയെ പ്രതിനിധാനം ചെയ്യുന്ന ഈ ശിൽപത്തിന് അക്ഷരം എന്നാണ് ശില്പി പേര് നൽകിയിരിക്കുന്നത്. സംസ്കൃതത്തിലും മറ്റ് ആധുനിക ഭാരതീയ ഭാഷകളിലും അക്ഷരം എന്ന പദത്തിന് നാശമില്ലാത്തത് എന്ന് അർത്ഥമുണ്ടല്ലോ. ഏതാണ്ട് രണ്ടു വർഷം വേണ്ടി വന്നു ശില്പം പൂർത്തീകരിക്കുവാൻ. എങ്കിലും അതിന്റെ പണി ഇനിയും പൂർത്തിയായിട്ടില്ലെന്നാണ് ശില്പി പറയുന്നത്. ഒരു കലാകാരന്റെ സൃഷ്ടി ഒരിക്കലും പൂർത്തിയാകുന്നില്ല!

ഞങ്ങൾ ഒരു പറ്റം സുഹൃത്തുക്കൾ വൈകുന്നേരങ്ങളിൽ അദ്ദേഹത്തെ സന്ദർശിക്കുകയും അദ്ദേഹത്തിന്റെ ശിൽപ്പനിർമ്മാണം വീക്ഷിക്കുകയും, കലയുടെ അർത്ഥം, ചോദന, മനുഷ്യസ്വാതന്ത്ര്യം, സർഗ്ഗാത്മകത തുടങ്ങിയ വിഷയങ്ങൾ അദ്ദേഹവുമായി ചർച്ച ചെയ്യുകയും ചെയ്തിരുന്നു. ജീവിതവീക്ഷണത്തിലും ജീവിതചര്യയിലും ഒരു സാത്വികനായ കാനായി കുഞ്ഞിരാമൻ അവിടെ സൃഷ്ടിച്ച അമ്മയുടെ രൂപം പ്രതിനിധാനം ചെയ്തത് സർവചരാചരങ്ങൾക്കും മാതാവായ വിശ്വമാതാവിനെ അഥവാ പ്രകൃതി ദേവിയെ അഥവാ ഭൂമിദേവിയെ ആണ്. എല്ലാ സംസ്കാരത്തിന്റെയും ഈറ്റില്ലമായ പ്രകൃതിമാതാവ് യാഥാർത്ഥ്യത്തെ സംബന്ധിക്കുന്ന പ്രഥമാവബോധം മനുഷ്യന് നൽകുന്നതിന്റെ പ്രതീകമാണ് ആദ്യാക്ഷരം. കാനായി കുഞ്ഞിരാമന്റെ പ്രധാന കലാസൃഷ്ടികളെല്ലാം തന്നെ ചുറ്റുപാടുമുള്ള പ്രകൃതിയോട് ഒത്തുചേർന്ന് തുറസായ സ്ഥലങ്ങളിലാണ് നിലകൊള്ളുന്നത്, മ്യൂസിയങ്ങൾക്കുള്ളിലല്ല.

സ്ത്രൈണരൂപത്തോട് ആഴമായ ആദരവുള്ള ഈ കലാകാരൻ കാണാനും സ്പർശിക്കാനും കഴിയുന്ന ചലനമറ്റ ഒരു ശിൽപമായി സിമന്റും ചുടുകട്ടയും മണലും മറ്റും ഉപയോഗിച്ച് തന്റെ മനസ്സിലുള്ള വിശ്വമാതാവിനെ ചുരുക്കിയിരിക്കുന്നു. ഭാരതീയ മതാന്തരീക്ഷത്തിൽ ഏതൊരു ശിൽപ്പവും ആരാധനാമൂർത്തിയായി ഞൊടിയിടയിൽ പരിണമിച്ചേക്കാം. അല്ലാത്തപക്ഷം അവ ആഴമായ അർത്ഥതലങ്ങൾ പ്രകടമാക്കുന്ന കലാസൃഷ്ടിയായി സഹൃദയരുടെ മുമ്പാകെ നിലകൊള്ളും. പുരാതനമായ നടരാജശിൽപം ഒരേസമയം രണ്ടുമാണ്.

കലാസൃഷ്ടികളെക്കുറിച്ച് പൊതുവായ ചില കാര്യങ്ങൾ പറയാം.

**1. ലഘൂകരണം** (reduction)

ഒരു കലാകാരൻ തന്റെ കലാസൃഷ്ടിക്ക് വിഭാവനം ചെയ്യുന്ന വിശ്വരൂപത്തിന്റെ ഒരു ലഘൂകരിച്ച പതിപ്പായിരിക്കും വാസ്തവത്തിലുള്ള കലാസൃഷ്ടി. ചിത്രരചന, ശില്പം, ചലച്ചിത്രം തുടങ്ങി ഏതുതരം കലാസൃഷ്ടിയായാലും ഇത് വാസ്തവമാണ്. മനുഷ്യന്റെ ഇന്ദ്രിയങ്ങളുടെ പരിമിതിയാണ് ഇതിന് പ്രധാന കാരണം. അതിന്റെ ഫലമായി തന്റെ കലാസൃഷ്ടി ഇനിയും പൂർത്തിയായിട്ടില്ല എന്നൊരു ബോധം കലാകാരനെ ഭരിക്കാറുണ്ട്.

**2. നാശോന്മുഖത** (vulnerability)

ഏതൊരു കലാസൃഷ്ടിയും നശിക്കുന്നതാണ്. ആറാം നൂറ്റാണ്ടിൽ നിർമ്മിക്കപ്പെട്ട ബാമിയൻ ബുദ്ധപ്രതിമകൾ ഈയിടെ അഫ്ഗാനിസ്ഥാനിൽ നശിപ്പിക്കപ്പെട്ടു. ഒന്നാം നൂറ്റാണ്ടിൽ പണിയപ്പെട്ട പാൽമീറയിലെ ക്ഷേത്രാവശിഷ്ടങ്ങൾ ഈയിടെ സിറിയയിൽ നാമാവശേഷമാക്കപ്പെട്ടു. കലാസൃഷ്ടികൾ പലപ്പോഴും കമ്പോളത്തിൽ വിൽപ്പനച്ചരക്കാകാറുണ്ട്. കമ്പോളത്തിലെ അതിന്റെ വിലയ്ക്ക് അതിന്റെ കലാമൂല്യവുമായി ബന്ധമൊന്നും ഉണ്ടാവണമെന്നില്ല.

**3. ദ്വന്ദഭാവം** (Ambivalence)

എല്ലാ കലാസൃഷ്ടികളിലും ഒരു ദ്വന്ദഭാവം അടങ്ങിയിട്ടുണ്ടെന്ന് പറയാം. പലപ്പോഴും കലയോടുള്ള ആത്മാർത്ഥമായ സ്നേഹമാവണമെന്നില്ല ഒരു കലാകാരന്റെ പ്രചോദനം. പലപ്പോഴും പണവും പ്രശസ്തിയും പ്രചോദകമാകാം. രാഷ്ട്രീയ സ്വാധീനം, കമ്പോളത്തിലെ ഡിമാന്റ്, നിലവിലുള്ള ഫാഷൻ തുടങ്ങി പല ബാഹ്യഘടകങ്ങളും കലാകാരനെ പ്രചോദിപ്പിച്ചു എന്നു വരാം.

**4. ജഡവസ്തു** (Dead mass)

ഒരു ശിൽപ്പത്തിന്റെ പണി പൂർത്തിയാകുമ്പോൾ അവശേഷിക്കുന്നത് നിർജീവമായ ജഡവസ്തുവാണ് – ലോഹം, മാർബിൾ, തടി.... അവയിൽ തന്നെ അവയ്ക്കു അർത്ഥമുണ്ടാവില്ല. സജീവമായ എന്തിനെയോ പ്രതിനിധാനം ചെയ്യുന്നു എന്നതിൽ മാത്രമാണ് അതിന്റെ അർത്ഥം. ഇവിടെയാണ് കലാനിരൂപകന്മാർ, കലാചരിത്രകാരന്മാർ എന്നിവരുടെ പ്രസക്തി.

കാനായി കുഞ്ഞിരാമനുമായി അടുത്തു ഇടപഴകിയപ്പോൾ മനുഷ്യവ്യക്തിയെക്കുറിച്ചുള്ള ക്രൈസ്തവവീക്ഷണത്തെക്കുറിച്ച് ചിന്തിക്കുവാൻ അവസരമുണ്ടായി. അവയിൽ ചില ചിന്തകൾ ഇവിടെ നിങ്ങളുമായി പങ്കുവയ്ക്കുന്നു. മനുഷ്യൻ എന്ന കലാസൃഷ്ടിയെ മനുഷ്യന്റെ കലാസൃഷ്ടികളുമായി താരതമ്യപ്പെടുത്തുമ്പോൾ പല ഉൾക്കാഴ്ച

കളും നമുക്ക് ലഭിക്കും.

**1. ജീവനുള്ള പ്രതിച്ഛായ** (Image of God)

മനുഷ്യനെ ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചു എന്നതാണ് മനുഷ്യവ്യക്തിയെ സംബന്ധിച്ച ക്രൈസ്തവ ദൈവശാസ്ത്രത്തിന്റെ അടിസ്ഥാനം. “ജീവനുള്ള മനുഷ്യനാണ് ദൈവത്തിന്റെ മഹത്വം” എന്ന ലിയോണിലെ വിശുദ്ധ ഐറേനിയസിന്റെ പ്രസിദ്ധമായ വാചകം മനുഷ്യനെ സംബന്ധിച്ചുള്ള പൗരസ്ത്യ പിതാക്കന്മാരുടെ വീക്ഷണമാകുന്നു. Father John Behr തന്റെ Becoming Human എന്ന ഗ്രന്ഥം ആരംഭിക്കുന്നത് ഐറേനിയസിന്റെ ഈ വാചകം ഉദ്ധരിച്ചുകൊണ്ടാണ്. പൗരാണിക ഗ്രീക്കു ചിന്തയിൽ പ്രപഞ്ചം macrocosm-ഉം മനുഷ്യൻ microcosm-ഉം ആണ്. പ്രപഞ്ചത്തിന്റെ ചെറുപതിപ്പാണ് മനുഷ്യൻ. ഇതിനോട് സമാനമാണ് പൗരാണിക ഭാരതത്തിലെ ബ്രഹ്മാണ്ഡവും പിണ്ഡാണ്ഡവും. മനുഷ്യൻ പ്രപഞ്ചത്തിന്റെ മിനിരൂപമാണ് എന്ന ഗ്രീക്കു ചിന്തയോട് നിസായിലെ ഗ്രീഗോറിയോസ്, നാസിയാൻസിലെ ഗ്രീഗോറിയോസ് തുടങ്ങിയ പിതാക്കന്മാർക്ക് പറയത്തക്ക അനുഭാവം തോന്നിയില്ല. പകരം മനുഷ്യൻ ദൈവത്തിന്റെ പ്രതിരൂപമാണ് എന്ന് ചിന്തിക്കുവാനാണ് അവർ ഇഷ്ടപ്പെട്ടത്.

**2. സെൽഫിയുടെ ആത്മരതി**

‘സെൽഫി’ പുതിയൊരു സംഗതിയൊന്നുമല്ല. മൊബൈൽ ക്യാമറ സാങ്കേതികമായി പുതുമയാണ്. ഗ്രീക്കു പുരാണത്തിലെ നാർസിസസിനെപ്പോലെ തന്റെ ഛായയിൽ ജീവിതത്തിന്റെ അർത്ഥം കണ്ടെത്താനുള്ള ഒരു പാഴ്ശ്രമമാണ് സെൽഫി സംസ്കാരത്തിലുള്ളത്. എന്നാൽ നമുക്ക് ഒരു കണ്ണാടിയിൽ കാണാനാവുന്നത് ഒരു മായാരൂപം മാത്രമാണെന്ന് പൗലൊസ് അപ്പോസ്തോലൻ നമ്മെ ഓർമ്മിപ്പിക്കുന്നു. യാഥാർത്ഥ്യത്തെ ലഘൂകരിക്കുന്ന ഒരു സാധാരണ കലാകാരനിൽ നിന്നു വ്യത്യസ്തമായി, മനുഷ്യൻ എന്ന കലാസൃഷ്ടിയിൽ ആരംഭിച്ച് മനുഷ്യൻ എന്തിന്റെ ഛായയായിരിക്കുന്നുവോ ആ ദൈവത്തോളം മനുഷ്യനെ വികസിപ്പിക്കുന്നതും വളർത്തുന്നതുമാണ് ക്രൈസ്തവ വീക്ഷണം.

**3. സർഗ്ഗപ്രവണമായ വിടവ്** (Creative Hiatus)

ദൈവം മനുഷ്യനെ തന്റെ ‘ഛായ’യിലും ‘സാദൃശ്യ’ത്തിലും സൃഷ്ടിച്ചു എന്ന ഉൽപ്പത്തിപ്പുസ്തകത്തിലെ വിവരണം എബ്രായഭാഷയിലെ സമാന്തരശൈലി പ്രയോഗം (paralellism) ആണെന്ന് അറിഞ്ഞുകൊണ്ടുതന്നെ അതിന് ഒരു പ്രത്യേക അർത്ഥം നൽകാനുള്ള സർഗ്ഗാത്മകത ക്രൈസ്തവ പിതാക്കന്മാർ കാണിക്കുകയുണ്ടായി. ദൈവത്തിന്റെ ഛായ (image) മനുഷ്യന് തുടക്കത്തിൽ തന്നെ നൽകപ്പെട്ടിരിക്കുന്നു. എന്നാൽ സാദൃശ്യം (likeness) വളർച്ചയിലൂടെയും പരിണാമത്തിലൂടെയും സ്വായത്തമാക്കേണ്ട ഒന്നാണ് എന്നാണ് അവർ വ്യാഖ്യാനിച്ചത്. ഛായയ്ക്കും സാദൃശ്യത്തിനും ഇടയിൽ ഉള്ളത് സത്യസൗന്ദര്യനന്മകൾ ലക്ഷ്യമാക്കിയുള്ള മനുഷ്യന്റെ നിരന്തരമായ അന്വേഷണത്തിന്റെ ചരിത്രമാണ്. തിന്മയോടുള്ള മനുഷ്യന്റെ പോരാട്ടത്തിൽ എപ്പോഴും നമുക്ക് തുണയായി ദൈവാത്മാവ് നമ്മുടെ പക്ഷത്തുണ്ട്.

**4. ഉള്ളിൽ നിന്നുള്ള അർത്ഥം** (meaning from within)

മനുഷ്യവ്യക്തി ഒരേ സമയം കലാകാരനും കലാസൃഷ്ടിയുമാകുന്നു. ഇവയെ വേർതിരിക്കാനാവില്ല. സ്വതന്ത്രമായ ഇച്ഛാശക്തിയുള്ളതുകൊണ്ട് സ്വന്തം ജീവിതലക്ഷ്യം കരുപ്പിടിപ്പിക്കുവാൻ മനുഷ്യന് സാധിക്കുന്നു. ജീവിതത്തിന്റെ അർത്ഥം സ്വാവബോധത്തിൽ നിന്ന് ഉരുത്തിരിയുന്നു. ഒരു സാധാരണ കലാസൃഷ്ടിക്കു അർത്ഥം നൽകുന്നത് അതിന്റെ സ്രഷ്ടാവാണെങ്കിൽ മനുഷ്യൻ എന്ന കലാസൃഷ്ടിക്കു അർത്ഥം നൽകുന്നത് അവന്റെ ഉള്ളിലുള്ള കലാകാരൻ തന്നെ. തന്റെയും ചുറ്റുമുള്ള ലോകത്തിന്റെയും അസ്തിത്വത്തിന് അവൻ അർത്ഥം കണ്ടെത്തുന്നു.

**5. ശരീരശേഷിയുടെ വികസിപ്പിക്കൽ**

പൂർണതയെ ലക്ഷ്യമാക്കിയുള്ള യാത്ര മനുഷ്യവ്യക്തിത്വത്തിന്റെ പ്രത്യേകതയാണ്. “മുന്നിലുള്ളതിനായി ആഞ്ഞുകൊണ്ട്” ഓടുന്ന ജീവിതത്തെക്കുറിച്ച് പൗലൊസ് അപ്പോസ്തോലനും (ഫിലി. 3:13) അതേ അർത്ഥത്തിൽ epektasis എന്നു നിസ്സായിലെ ഗ്രിഗോറിയോസും അതിനെക്കുറിച്ച് പറയുന്നു. മനുഷ്യമനസ്സിലെ അപൂർണതാബോധം കൂടുതൽ ആഴമായി അർത്ഥം തേടുവാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നു. നമ്മുടെ ശാരീരികവും മാനസികവും ആത്മികവുമായ കഴിവുകൾ എത്രത്തോളം വർദ്ധിപ്പിക്കാനാവുമെന്ന അന്വേഷണത്തിലാണ് നാം. മനുഷ്യന്റെ ആയുസ്സും ശാരീരിക കഴിവുകളും എത്രത്തോളം വർദ്ധിപ്പിക്കാം എന്ന അന്വേഷണത്തിലാണ് ജീവശാസ്ത്രം. ജീവകാലത്തുടനീളം ഉണ്ടാകാൻ സാധ്യതയുള്ള രോഗങ്ങളെ കണ്ടെത്താനും ചികിത്സിക്കാനും human genome രംഗത്തെ ഗവേഷണങ്ങൾക്ക് സാധ്യമായേക്കും. അമരത്വം നേടുവാനുള്ള മനുഷ്യന്റെ ആഗ്രഹമാണ് രോഗങ്ങൾക്കെതിരായ നമ്മുടെ പോരാട്ടത്തിൽ നാം പ്രകടിപ്പിക്കുന്നത്.

കൃത്രിമ ബുദ്ധിശക്തിയുടെ രംഗത്ത് മനുഷ്യൻ നേടിയിരിക്കുന്ന പുരോഗതി മനുഷ്യവ്യക്തിത്വത്തിന്റെ വികാസരംഗത്ത് ഒരു എടുത്തുചാട്ടം ഉണ്ടാക്കിയിരിക്കുന്നു എന്നു പറയാം. റോബോട്ടുകളും സൈബോർഗ് (cyborgs) കളും സയൻസ് ഫിക്ഷന്റെ പേജുകൾ വിട്ട് യഥാർത്ഥ ജീവിതത്തിലേക്ക് ചേക്കേറിയിരിക്കുന്നു. ഈ സാങ്കേതിക മുന്നേറ്റങ്ങൾ എപ്രകാരം മനുഷ്യജീവിതത്തെ സ്വാധീനിക്കും എന്ന് മുൻകൂട്ടി പറയുവാൻ സാധ്യമല്ല.

സാങ്കേതികവിദ്യ കലയുടെ മറ്റൊരു രൂപമാണ്. (techne (Greek) = skill, art). മനുഷ്യനെ കൊല്ലുന്നതിന് നൂതന സാങ്കേതികവിദ്യകൾ വികസിപ്പിച്ചിരിക്കുന്ന ഇക്കാലത്തും ചിലർ തങ്ങളുടെ ശത്രുക്കളെ പ്രാകൃതരീതിയിൽ വക വരുത്തുന്നത് (കഴുത്തറുത്തും മറ്റും) മനുഷ്യപുരോഗതി എന്ന സങ്കൽപ്പത്തിന്റെ വിരോധാഭാസമാണ്.

**6. ആദ്ധ്യാത്മിക വികസനം** (Spiritual Enhancement)

മനുഷ്യന്റെ ആന്തരിക വികസനത്തിനായുള്ള അന്വേഷണം വളരെ പൗരാണികവും സാങ്കേതിക വികസന ത്തെക്കാൾ ആഴമായ വേരുകൾ ഉള്ളതുമാണ്. കഴിഞ്ഞ ഏതാണ്ട് 3000 വർഷങ്ങളായി ആന്തരിക വളർച്ചയ്ക്കുള്ള ധാരാളം വിദ്യകൾ പരീക്ഷിച്ചുകൊണ്ടിരിക്കുന്ന താപസൻമാരുടെയും യോഗികളുടെയും നാടാണ് നമ്മുടേത്.

ക്രൈസ്തവകാഴ്ചപ്പാടിൽ, മനുഷ്യവർഗ്ഗത്തിന്റെ യാത്ര ദൈവീകരണത്തിന്റെ പാതയിൽ ആയിരിക്കണം. മനു ഷ്യനു ദൈവസ്വഭാവത്തിൽ പങ്കുചേരാനുള്ള സാധ്യതയെപ്പറ്റി വിവരിക്കുമ്പോൾ കപ്പദോക്യൻ പിതാക്കന്മാർ അവ രുടെ "ധൈര്യപൂർവ്വമായ ഭാഷ"യ്ക്ക് ക്ഷമ ചോദിച്ചിരുന്നു. എന്നാൽ ഇത് തന്നെയാണ് തുടക്കം മുതലേ സഭ യുടെ പഠിപ്പിക്കൽ. മനുഷ്യന്റെ ഉള്ളിൽ ഒളിഞ്ഞു കിടക്കുന്ന സാധ്യതകളുടെ അനാവരണമാണ് ദൈവീകരണം എന്നു പറയാം. ക്രിസ്തുവാകുന്ന തലയുടെ സമ്പൂർണ്ണതയോളം സഭ വളരണമെന്ന് പൗലോസ് അപ്പോസ്തോ ലൻ ഓർമ്മിപ്പിക്കുന്നു. മനുഷ്യസ്വഭാവം ക്രിസ്തുവിലുള്ള ദൈവസാദൃശ്യത്തോട് അനുരൂപമാകുവാൻ ശ്രമിക്കു മ്പോൾ നാം ശരിയായ പാതയിലാണെന്ന് പറയാം. മനുഷ്യന്റെ ശാരീരികവും മാനസികവും സാങ്കേതികവുമായ വികസനം ദൈവീകരണത്തിന്റെ പാതയിലാണോ എന്നു നിരന്തരം പരിശോധിക്കേണ്ട ചുമതല നമ്മുടെ ദൈവ ശാസ്ത്രപഠനത്തിനുണ്ട് എന്നാണ് ഞാൻ കരുതുന്നത്. ദൈവശാസ്ത്രം ശരിയായ അർത്ഥത്തിൽ അത്തരമൊരു അളവുകോൽ ആണെന്നാണ് ഓർത്തഡോക്സ് ക്രൈസ്തവ കാഴ്ചപ്പാട്.

**7. അമൂർത്തതയും അനന്തതയും** (Abstraction and Infinity)

ഇരുപതാം നൂറ്റാണ്ടിൽ കല കൂടുതൽ അമൂർത്തമായതിന്റെ പിന്നിൽ ആദ്ധ്യാത്മിക അർത്ഥതലങ്ങളുണ്ട് എന്നു കാണാം. അമൂർത്തകലയുടെ ഉപജ്ഞാതാവായ വാസിലി കാന്റിൻസ്കി തന്റെ The Spiritual in Art എന്ന വിഖ്യാത ഗ്രന്ഥത്തിൽ അമൂർത്തതയെ ആദ്ധ്യാത്മികതയോട് ബന്ധപ്പെടുത്തിയിട്ടുണ്ട്. നിലവിലിരുന്ന രചനാരീതികൾ വിട്ടു അമൂർത്തചിത്രങ്ങൾ രചിക്കുവാൻ ചിത്രരചയിതാക്കളെ അദ്ദേഹം ആഹ്വാനം ചെയ്തു. ചിത്രവും കവിതയും സംഗീ തവും അദ്ദേഹത്തിന്റെ രചനകളിൽ സമ്മേളിക്കുന്നു. ത്രിമാന നവോത്ഥാന കലാപരിപ്രേക്ഷത്തിൽ നിന്നു വ്യതി ചലിച്ചു ദ്വിമാനരൂപത്തിൽ ഐക്കോണുകൾ സൃഷ്ടിച്ച ഓർത്തഡോക്സ് രീതി റഷ്യക്കാരനായ കാൻഡിൻസ്ക്കിയെ സ്വാധീനിച്ചിരിക്കാൻ ഇടയുണ്ട്. ആത്മാവിന്റെ അടിത്തട്ടിൽ നിന്നുയർന്നു വരുന്നതാണ് സൗന്ദര്യം എന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഒരു ശൂന്യമായ കാൻവാസ് അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ ശൂന്യമല്ലായിരുന്നു; അത് ധാരാളം സാധ്യ തകൾ ഒളിഞ്ഞുകിടക്കുന്ന മനുഷ്യമനസ്സിനെയാണ് സൂചിപ്പിച്ചത്.

ദൈവത്തിന്റെ അനന്തതയിലേക്ക് വളരാനുള്ള മനുഷ്യന്റെ സാധ്യതയുടെ സൂചനയായി അമൂർത്തകലയെ കാണാവുന്നതാണ്. നിസ്സായിലെ ഗ്രിഗോറിയോസും നാസിയാൻസിലെ ഗ്രിഗോറിയോസും മോശയുടെ പർവതാ രോഹണം വിവരിക്കുന്നത് ദൈവത്തിങ്കലേക്കുള്ള നിലയ്ക്കാത്ത ആരോഹണമായാണ്. ഒരിക്കലും നിൽക്കാതെയും പിന്തിരിയാതെയും ഏതെങ്കിലും ലക്ഷ്യസ്ഥാനത്തെത്താതെയുമുള്ള ഒരു ആരോഹണമാണ് അത്. ദൈവത്തിങ്ക ലേക്കുള്ള ആരോഹണത്തിന്റെ ഒരു അന്തിമഘട്ടത്തിൽ മോശ കാണുന്നത് അന്ധതമസ്സാണ്. നാസിയാൻസിലെ ഗ്രിഗോറിയോസ് ഇതിനെ "ദീപ്രമായ അന്ധകാരം" എന്നു വിളിക്കും.

**8. മൂർത്തതയും അതിരും** (Concretion and the Border)

വചനം ശരീരമായി എന്നത് ക്രൈസ്തവവിശ്വാസത്തിന്റെ കേന്ദ്രമാണ്. ഇത് അമൂർത്തതയ്ക്ക് നേരെ വിപരീത മാണ്. യേശുക്രിസ്തുവിൽ മൂർത്തത, അമൂർത്തത എന്നീ ധ്രുവങ്ങൾ തമ്മിൽ എതിർക്കാതെയും ഒന്നാകാതെയും ചേർത്തിരിക്കുന്നു. കൽക്കിദോനിയ സുന്നഹദോസിന്റെ വാക്കുകളിൽ പറഞ്ഞാൽ "വിഭജനമില്ലാതെയും, പിരി ഞ്ഞുപോകാതെയും, മാറ്റമില്ലാതെയും, സങ്കലനമില്ലാതെയും" സൃഷ്ടിവ്യവസ്ഥയിലെ സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള സന്തുലിതാവസ്ഥയും താളപ്പൊരുത്തവും ആണ് ഈ വാക്കുകൾ സൂചിപ്പിക്കുന്നതെന്ന് കരുതാം. ദൈവത്തെ കലാകാരനായും മനുഷ്യനെ ദൈവത്തിന്റെ സുപ്രധാന കലാസൃഷ്ടിയായും കാണണം. സൃഷ്ടി വ്യവസ്ഥയിൽ മനുഷ്യൻ നിലനിൽക്കുന്നത് ഒരു അതിർത്തി ജീവിയായാണ് (border being) എന്ന് പിതാക്കന്മാർ പറയുന്നു. അമൂർത്തതയ്ക്കും മൂർത്തതയ്ക്കും ഇടയിൽ, ആത്മാവിനും ശരീരത്തിനും ഇടയിൽ. ദൈവത്തിന്റെ സർഗ്ഗാത്മക സ്വാതന്ത്ര്യം പങ്കിടുന്ന കലാകാരനെന്ന നിലയിൽ ഈ രണ്ടു മാനങ്ങളെയും അഥവാ ലോകങ്ങ ളെയും അഥവാ പ്രപഞ്ചങ്ങളെയും തന്നിൽ അനുരഞ്ജിപ്പിക്കുവാൻ മനുഷ്യനു കഴിയണം.

അനന്തത എങ്ങനെ അന്തമുള്ള സൃഷ്ടിവ്യവസ്ഥയ്ക്കുള്ളിൽ കടക്കുന്നു എന്നത് നമ്മെ എന്നാളും ആശ്ചര്യ പ്പെടുത്തുന്നു. പ്രപഞ്ചത്തിന് അതിരുണ്ടോ എന്ന കാര്യത്തിൽ വാനശാസ്ത്രജ്ഞർക്കു തീർച്ചയില്ല. പ്രപഞ്ചം ഒന്നിലധികമുണ്ടോ? അതോ നിരവധി പ്രപഞ്ചങ്ങൾ സമാന്തരമായി നിലനിൽക്കുകയാണോ എന്ന ചോദ്യങ്ങൾ ഉത്തരമില്ലാതെ അവശേഷിക്കുന്നു. മനുഷ്യന്റെ വന്യമായ സങ്കൽപ്പവും ഇന്നത്തെ ശാസ്ത്രജ്ഞാനവും ലോക ത്തിന്റെ സ്ഥൂല (macro) തലത്തെപ്പറ്റിയും സൂക്ഷ്മ (micro) തലത്തെപ്പറ്റിയും ഉള്ള അറിവിന്റെ കാര്യത്തിൽ ഇരു ട്ടിൽ തപ്പിത്തടയുകയാണെന്ന് പറയാം. ഭൗതികപ്രപഞ്ചത്തിന്റെ അടിസ്ഥാനവസ്തു എന്ത് എന്ന് ഇന്നും ഭൗതിക ശാസ്ത്രജ്ഞർക്ക് അറിഞ്ഞുകൂടാ. നിരന്തരം വികസിച്ചുകൊണ്ടിരിക്കുന്ന പ്രപഞ്ചത്തെ സമഞ്ജസമായി ചേർത്തു

നിർത്തുന്ന ശക്തികൾ ഏവയെന്നും അവർക്ക് അജ്ഞാതമാണ്.

സൃഷ്ടപ്രപഞ്ചത്തിന്റെ സൂക്ഷ്മസ്ഥൂലതലങ്ങൾ ശാസ്ത്രത്തിന്റെ വീക്ഷണത്തിലും ദാർശനിക ദൈവശാസ്ത്ര വീക്ഷണത്തിലും അജ്ഞാതമായി അവശേഷിക്കുന്നു. നിരന്തരം മാറിക്കൊണ്ടിരിക്കുന്ന അതിരിൽ സ്ഥിതിചെയ്യുന്ന മനുഷ്യനെ സംബന്ധിച്ചിടത്തോളം ഈ അനിശ്ചിതത്വവും അജ്ഞതയും സത്യസൗന്ദര്യനന്മകളുടെ അന്വേഷണത്തിൽ സൃഷ്ടിപരതയ്ക്കുള്ള അപാരമായ സാധ്യതകൾ തുറക്കുന്നു. സൂക്ഷ്മവും സ്ഥൂലവും കെട്ടുപിണഞ്ഞുകിടക്കുന്ന ഈ അവസ്ഥ തിരിച്ചറിയുവാനുള്ള കഴിവ് മനുഷ്യനു മാത്രമാണെന്ന് കരുതാം. ക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും സമ്മേളിച്ചിരിക്കുന്നു എന്നതിൽ എപ്രകാരം സൃഷ്ടിയിൽ ആത്മികവും ഭൗതികവും ചേർന്ന് പോകുന്നു എന്ന് കാണാനുള്ള ഒരു വീക്ഷണകോണം നമുക്ക് ലഭിച്ചിരിക്കുന്നു. കലാകാരൻ എന്ന നിലയിൽ മനുഷ്യൻ വിളിക്കപ്പെട്ടിരിക്കുന്നത് നാം ചെയ്യുന്നതിലെല്ലാം ഈ ബന്ധം കാണുവാനും, ദൈവവും മനുഷ്യനും ഒത്തുചേർന്ന് ഒരു ലോകമെന്ന കലാസൃഷ്ടിയെ രൂപപ്പെടുത്താനുമാണ്. ആരാധനാവേളയിൽ കുരിശ് വരയ്ക്കുന്നത് ഒരു കലാകാരൻ തന്റെ ബ്രഷ് വച്ച് ഒരു ചിത്രം വരയ്ക്കുന്നതുപോലെയാണ് എന്നു എനിക്ക് തോന്നിയിട്ടുണ്ട്. നാം നമ്മുടെ ശരീരത്തിൽ കുരിശടയാളം ഇടുന്നതും വൈദികൻ പരസ്യാരാധനയിൽ ജനങ്ങൾക്ക് നേരെ കുരിശു വരയ്ക്കുന്നതും ഒരു തരത്തിൽ കലാകാരന്റെ അംഗവിക്ഷേപം തന്നെയാണ്.

**9. നേരായ നിൽപ്പ്** (Orthostasis)

അവസാനമായി, ആരാധനാവേളയിൽ നിവർന്ന് നിൽക്കുന്നതിനെപ്പറ്റി ഒരു വാക്ക്. നരവംശശാസ്ത്രജ്ഞന്മാരുടെ വീക്ഷണത്തിൽ മനുഷ്യപരിണാമത്തിലെ ഒരു നാഴികക്കല്ലാണ് Homo erectus. എഴുന്നേറ്റ് നിന്ന് ആരാധിക്കുന്നത് കിഴക്കൻ സഭകളിൽ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെയാണ് പ്രതിനിധാനം ചെയ്യുന്നത്. ഞായർ ദിനങ്ങളിലും ഉയിർപ്പിനും പെന്തിക്കോസ്തിക്കും ഇടയ്ക്കുള്ള ദിവസങ്ങളിലും മറ്റ് വിശേഷദിവസങ്ങളിലും നാം കുമ്പിട്ടു ആരാധിക്കാറില്ല. ആരാധനാവേളയിൽ നിന്നുകൊണ്ട് ആരാധിക്കുന്നത് മനുഷ്യന്റെ മഹത്വത്തെയും ക്രിസ്തുവിനോട് അനുരൂപമാകുവോളമുള്ള നമ്മുടെ വളർച്ചയെയുമാണ് പ്രതിനിധാനം ചെയ്യുന്നത്. നിവർന്നു നിന്നുകൊണ്ട് അപ്പവീഞ്ഞുകൾ ഒരു കുരിശുപോലെ ഇരു കൈകൾ കൊണ്ടും വഹിച്ച് സ്വർഗ്ഗത്തേക്കുയർത്തി സർവസൃഷ്ടിയെയും പ്രതിനിധാനം ചെയ്തു ദൈവത്തിന് നന്ദി അർപ്പിക്കുമ്പോൾ ഒരു പുരോഹിതൻ എന്ന നിലയിൽ എന്തെന്നില്ലാത്ത ആഹ്ലാദം ഞാൻ അനുഭവിക്കുന്നു.

ചില ദശകങ്ങൾക്കുള്ളിൽ ലോകത്തിന്റെ രാഷ്ട്രീയ-മത ഭൂമിശാസ്ത്ര നില പാടെ വ്യത്യാസപ്പെടുവാനിടയുണ്ട്. മനുഷ്യനെ ദൈവത്തിന്റെ പ്രതിച്ഛായ എന്ന നിലയിൽ എല്ലാത്തലങ്ങളിലും ഉയർത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യാനുള്ള ഉത്തരവാദിത്തം ദൈവശാസ്ത്ര കലാകാരന്മാർ എന്ന നിലയിൽ നമുക്കുണ്ട്. ഈ ദൗത്യം നിർവഹിക്കുന്നതിൽ നമുക്ക് ആശ്രയിക്കാനുള്ളത് സകലവും പൂർത്തീകരിക്കുന്ന പരിശുദ്ധാത്മാവിലൂടെ നമ്മിൽ വിശ്വാസവും പ്രത്യാശയും സ്നേഹവും നിറയ്ക്കുന്ന ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിൽ മാത്രമാകുന്നു.

(മലയാളത്തിലേക്കു തർജ്ജമ: ജോൺ കുന്നത്ത്. തിരുവല്ല സി.എസ്.എസ്. പ്രസിദ്ധീകരിക്കുന്ന ‘മനുഷ്യദർശനം; ക്രൈസ്തവ വിചിന്തനങ്ങൾ, സമീപനങ്ങൾ’ എന്ന ഗ്രന്ഥത്തിൽ നിന്ന്. എഡിറ്റർ: പോൾ മണലിൽ.)